പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4847 — 19.05.2017 ന് മറുപടിയ്ക്ക്.

**ചാത്തന്നൂർ ഗവ.ഐ.ടി.ഐ**

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ചാത്തന്നൂർ ഗവ.ഐ.ടി.ഐ യിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്തൊക്കെയാണ്; | (എ) സംസ്ഥാന സർക്കാരിൽ നിന്നുള്ള രണ്ടര കോടി രൂപ ചെലവഴിച്ച് അഡ്മിനിസ്ട്രേറ്റീവ് കം അക്കാഡമിക് ബ്ലോക്ക് കെട്ടിടവും പി.പി.പി പദ്ധതി പ്രകാരം 59 ലക്ഷം രൂപ ചെലവഴിച്ച് കെട്ടിടവും പണി കഴിപ്പിച്ചിട്ടുണ്ട്. കൂടാതെ 2 വർക്ക്ഷോപ്പ് കെട്ടിടങ്ങളും ട്രാൻസ്ഫോർമർ ഉൾപ്പെടെ ത്രീ ഫേയ്സ് കണക്ഷനും ഉണ്ട്. |
| (ബി) പ്രസ്തുത സ്ഥാപനത്തിൽ നിലവിലുള്ള ട്രേഡുകൾ ഏതൊക്കെ യാണെന്നും ഓരോ ട്രേഡിലും എത്ര കുട്ടി കൾക്ക് അഡ്മിഷൻ നൽകുവാൻ സൗകര്യമുണ്ടെന്നും അറിയി ക്കാമോ; | (ബി) ഇലക്ട്രീഷ്യൻ, ഡ്രസ്സ്മേക്കിംഗ്, പെയിന്റർ ജനറൽ, ഫിറ്റർ, വെൽഡർ, സർവ്വേയർ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ, മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ എന്നീ 8 ട്രേഡുകളാണ് ചാത്തന്നൂർ ഗവ. ഐ.ടി.ഐ യിൽ ഇപ്പോൾ നിലവിലുള്ളത്. ഓരോ ട്രേഡിലും അഡ്മിഷൻ നൽകാൻ കഴിയുന്ന കുട്ടികളുടെ എണ്ണം ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | നിലവിലുള്ള ട്രേഡ് | കുട്ടികളുടെ എണ്ണം |
|---|---|---|
| 1 | ഇലക്ട്രീഷ്യൻ | 42 |
| 2 | ഡ്രസ്സ്മേക്കിംഗ് | 21 |
| 3 | പെയിന്റർ ജനറൽ | 21 |
| 4 | ഫിറ്റർ | 42 |
| 5 | വെൽഡർ | 36 |
| 6 | സർവ്വേയർ, | 42 |
| 7 | ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 21 |
| 8 | മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ | 42 |

| | |
|---|---|
| (സി) ഈ ട്രേഡുകൾക്ക് എൻ.സി.വി.ടി. യുടെ അംഗീകാരം ലഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) ചാത്തന്നൂർ ഗവ.ഐ.ടി.ഐ യിൽ നിലവിലുള്ള 8 ട്രേഡുകളിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ എന്നീ |

ട്രേഡുകൾ ഒഴികെയുള്ള 6 ട്രേഡുകളും എൻ.സി.വി.ടി അഫിലിയേഷൻ ലഭിച്ചിട്ടുള്ള ട്രേഡുകളാണ്. 2 ട്രേഡുകൾക്ക് അഫിലിയേ ഷൻ നേടിയെടുക്കുന്നതിനുള്ള ഉപകരണ സംഭരണം, തസ്തിക നേടിയെടുക്കൽ എന്നീ നടപടികൾ സ്വീകരിച്ച വരുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ഏതെങ്കിലും ട്രേഡുകൾ ആരംഭിച്ചുവോ;എങ്കിൽ ഏതൊക്കെയാണെന്ന വിവരം അറിയിക്കാമോ;

(ഡി) പുതിയ ട്രേഡുകൾ ആരംഭിച്ചിട്ടില്ല.

(ഇ) നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഒരേക്കർ സർക്കാർ ഭൂമികൂടി ഐ.ടി.ഐയ്ക്ക് ലഭിക്കുന്നതിനും ട്രേഡുകൾക്ക് എൻ.സി.വി.ടി അംഗീകാരം ലഭിക്കുന്നതിനും വേണ്ടി ജനപ്രതിനിധി നൽകിയ നിവേദനം ശ്രദ്ധയിൽ പെട്ടുവോ;അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

(ഇ) ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ചാത്തന്നൂർ സർക്കാർ ഐ.ടി.ഐ -യെ ഒന്നാം നിര ഐ.ടി.ഐ ആയി ഉയർത്തുന്നതിന്റെ ഭാഗമായി, വകുപ്പ് കണ്ടെത്തിയിട്ടുള്ളതും കൊല്ലം ജില്ലയിലെ മീനാട് വില്ലേജിൽ റീസർവ്വേ നമ്പർ 158/2 -ൽ പെട്ട 42.50 ആർ സർക്കാർ തരിശുഭൂമി വകുപ്പിന് ലഭ്യമാക്കുന്നതിനായി ലാന്റ് ട്രാൻസ്ഫർ ഫോമിൽ കൊല്ലം ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്.

Bindu

സെക്ഷൻ ഓഫീസർ